പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 172    17-06-2013-ൽ മറുപടിയ്ക്ക്

## സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ.കെ. നാരായണൻ
ശ്രീ. കെ. ദാസൻ

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ഉപയോഗിക്കപ്പെടുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സാമൂഹ്യവിരുദ്ധ-മാഫിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കള്ളനോട്ടുകാർ, വ്യാജവാറ്റുകാർ, മയക്കുമരുന്നു കുറ്റവാളികൾ, ഹവാല തട്ടിപ്പുകാർ എന്നിവരെ തടയാൻ ഈ നിയമം വഴി ഉദ്ദേശിക്കുന്നുണ്ടോ;

(സി) രാഷ്ട്രീയപാർട്ടികളുടെ പിക്കറ്റിംഗ്, പ്രകടനം, സമരങ്ങൾ, വസ്തു തർക്കങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കേസ്സെടുക്കുന്നുണ്ടോ;

**മറുപടി**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ഉപയോഗിക്കുന്നില്ല.

(ബി) ഉണ്ട്, കള്ളനോട്ടുകാർ, വ്യാജവാറ്റുകാർ, മയക്കുമരുന്ന് കുറ്റവാളികൾ, ഹവാല തട്ടിപ്പുകാർ എന്നിവർ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ട്.

(സി) രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട സമരങ്ങൾ, പ്രക്ഷോഭങ്ങൾ, വസ്തു തർക്കങ്ങൾ, പ്രകടനങ്ങൾ, പിക്കറ്റിംഗുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകൾ സാധാരണഗതിയിൽ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഇത്തരം സാഹചര്യങ്ങൾ ഏതൊക്കെയാണ് എന്ന് നിയമത്തിലെ 2 (പി) വകുപ്പിലെ ക്ലിപ്തനിബന്ധനയിലെ (i) മുതൽ (vi) വരെ ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് പ്രകാരം ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കുറ്റകരമാകാവുന്ന പ്രവർത്തിയിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗം എന്ന നിലയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യം കൊണ്ടും അതിന് സഹായകരമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും ആധികാരികതയുള്ള പോലീസ് ഓഫീസറെയോ, മജിസ്ട്രേറ്റിനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടിയിലെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽ കൊണ്ട് ഉണ്ടായിട്ടുള്ള ഒരു

സംഭവത്തിലും ആണ് ഒരാൾക്കെതിരെ കുറ്റം ആരോപിക്കപ്പെടുന്നത് എങ്കിൽ അത് ഈ നിയമത്തിന്റെ പരിധിയിൽ വരികയില്ല എന്ന് മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ സർക്കാർ ഏറ്റെടുത്ത കേസുകൾ എത്രയാണെന്നും, അപ്പീൽ തള്ളിപ്പോയവ എത്രയാണെന്നും, യുവജന/വിദ്യാർത്ഥി സംഘടനാ പ്രവർത്തനരംഗത്തുള്ളവർക്കെതിരെ എടുത്ത കേസ്സുകൾ എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ ?

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമാണ്. തുടർച്ചയായി സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിലും സംഘടിത കുറ്റകൃത്യങ്ങളിലും ഏർപ്പെടുന്നവരെ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുന്നതിലേക്കായി പരമാവധി ആറുമാസം വരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലാ മജിസ്ട്രേറ്റുമാരാണ് തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ജില്ലാ മജിസ്ട്രേറ്റുമാർ പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകളെ സംബന്ധിക്കുന്ന പ്രപ്പോസലുകൾ സർക്കാർ നൽകുന്നതിൻ പ്രകാരം കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഉപദേശക ബോർഡാണ് ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായി കരുതൽ തടങ്കലിന് മതിയായ കാരണമുണ്ടോ എന്ന് പരിശോധിക്കുന്നത്. കരുതൽ തടങ്കലിന് മതിയായ കാരണങ്ങളില്ല എന്ന് ഉപദേശക ബോർഡ് അഭിപ്രായപ്പെടുന്ന എല്ലാ കേസുകളിലും തടങ്കൽ റദ്ദാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിയമ പ്രകാരം 272 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതും 80 പേരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഉപദേശക ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിടുതൽ ചെയ്തിട്ടുള്ളതുമാണ്. വിവിധ ക്രൈം കേസുകളിൽ പ്രതികളായിട്ടുള്ള 25 യുവജന വിദ്യാർത്ഥി സംഘടനാ പ്രവർത്തകർക്കെതിരെ പ്രസ്തുത നിയമമനുസരിച്ച് സഞ്ചലന നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ